# പതിനാലാം കേരള നിയമസഭ

## നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ: **1170**

02.03.2017-ൽ മറുപടിക്ക്

## പാലത്തിന്റെ അപ്രോച്ച് റോഡിന് ഭൂമി

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.ജോൺ ഫെർണാണ്ടസ് | ശ്രീ. ജി.സുധാകരൻ (ബഹു. പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| (എ) എറണാകുളം ജില്ലയിലെ കണ്ണങ്ങാട്ട്-ഐലൻറ് പാലത്തിന്റെ നിർമ്മാണ പ്രവർത്തനത്തിന്റെ നിജസ്ഥിതി വിശദമാക്കാമോ; | (എ) നിലവിൽ ബ്രിഡ്ജ് വർക്ക് പൂർത്തിയായിട്ടുണ്ട്. തേവര ഭാഗത്ത് അപ്രോച്ച് റോഡ് പൂർത്തിയാക്കിയിട്ടുള്ളതും കണ്ണങ്കാട്ട് ഭാഗത്ത് റോഡ് നിർമ്മാണം ആരംഭിച്ചിട്ടുള്ളതും ആണ്. |
| (ബി) എത്ര സെൻറ് ഭൂമിയാണ് അപ്രോച്ച് റോഡിനായി ഏറ്റെടുക്കേണ്ടതായിട്ടുള്ളതെന്ന് അറിയിക്കാമോ; | (ബി) 77.392 സെന്റ്. |
| (സി) പാലത്തിന്റെ അപ്രോച്ച് റോഡിന് ഭൂമി ഏറ്റെടുക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ; | (സി) ഡിസ്ട്രിക്ട് ലെവൽ ഫെയർ വാല്യു കമ്മിറ്റി ചേർന്ന് സ്ഥലവില അംഗീകരിച്ച് 2.83 കോടി രൂപ മതിപ്പ് വരുന്ന സ്ഥലം ഏറ്റെടുക്കുന്നത് സംബന്ധിച്ച നടപടിക്രമങ്ങൾ നടന്നുവരുന്നു. |
| (ഡി) ജില്ലാ കളക്ടർ തലത്തിൽ നെഗോസിയേഷൻ പർച്ചേസ് നടപടികൾ പൂർത്തീകരിച്ചോ; സ്ഥലമുടമകൾ സ്ഥലവില അംഗീകരിച്ച് സമ്മതപത്രം നല്കിയോ; ആരെല്ലാമാണ് സമ്മതപത്രം ലഭ്യമാക്കേണ്ടതായിട്ടുള്ളത്; ജില്ലാതലത്തിൽ അംഗീകരിച്ചിട്ടുള്ള വിലയുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (ഡി) ജില്ലാ കളക്ടർ തലത്തിൽ നെഗോസിയേഷൻ നടപടികൾ പൂർത്തീകരിച്ചു. 2 പേർ സമ്മതപത്രം നൽകിയിട്ടുണ്ട്.<br>1. ആർ.എഫ്.മംഗൾ-S/o, സുന്ദരംസ്.<br>2. സി.കെ.ജിനൻ- S/o, കേശവൻ.<br>3. റിഷി.<br>എന്നീ 3 പേർ സമ്മതപത്രം നൽകേണ്ടതുണ്ട്. ഡി.എൽ.എഫ്.സി അംഗീകരിച്ച തുക താഴെ പറയുന്നു.<br>പുരയിടത്തിന് സെന്റിന് - 600715/-രൂപ<br>നിലം നികത്തിയ പുരയിടത്തിന്-298883/- രൂപ.<br>നിലത്തിന് - 239109/-രൂപ |

| | | | |
|---|---|---|---|
| (ഇ) | സ്ഥലമുടമകൾക്ക് നഷ്ടപരിഹാരം നല്കി സ്ഥലം ഏറ്റെടുത്ത് അപ്രോച്ച് റോഡിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനായി പൂർത്തീകരിക്കേണ്ട നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ? | (ഇ) | 2.83 കോടി രൂപയുടെ ലെറ്റർ ഓഫ് ക്രെഡിറ്റിനുള്ള പ്രൊപ്പോസൽ തയ്യാറാക്കി വരുന്നു. ആയതിന് സർക്കാർ അംഗീകാരം നൽകുന്ന മുറക്ക് റവന്യൂ വകുപ്പിന് തുക കൈമാറി സ്ഥലം ഏറ്റെടുക്കുന്ന പ്രവർത്തികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ